20-05-2023

SATURDAY

ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : PADMAM S.** **Editor : Dr. BINU HARRIET IVAN**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–20/05/2023.

1. സംസ്ഥാന സർക്കാരിന്റെ മൂന്നാം നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി വിവിധ വിപണി ഇടപെടലുകളുടെ സംസ്ഥാനതല ഉദ്ഘാടനം പാലായിൽ  കൃഷിമന്ത്രി പി പ്രസാദ് നിർവ്വഹിച്ചു. ലോകത്താകമാനം കാർഷിക രംഗത്തുണ്ടാകുന്ന മാറ്റങ്ങൾ ഉൾക്കൊള്ളുവാനും നമ്മുടെ കാർഷിക മേഖലക്ക് ഉതകുംവിധം പ്രവർത്തികമാക്കുവാനും കർഷകർക്ക് ഇനിയും അവസരം ഉണ്ടാക്കുമെന്ന് കൃഷിമന്ത്രി പി പ്രസാദ് പറഞ്ഞു.

2. കരപ്പുറത്തിന്റെ കാർഷികപ്പെരുമ വിളിച്ചറിയിക്കുന്ന "കരപ്പുറം കാർഷിക കാഴ്ചകൾ" കാർഷികമേളയ്ക്ക്  ചേർത്തല സെന്റ് മൈക്കിൾസ് കോളേജ് ഗ്രൗണ്ടിൽ തുടക്ക കാർഷിക പ്രദർശനം, കാർഷിക സെമിനാർ, കൃഷിയിട സന്ദർശനം, കാർഷിക സംരംഭകർക്കും കർഷക ഗ്രൂപ്പുകൾക്കും അവരുടെ ആശയങ്ങൾ വിപുലീകരിച്ച് പ്രാവർത്തികമാക്കാൻ സഹായിക്കുന്ന ഡിപിആർ ക്ലിനിക്, കർഷകരും ഉപഭോക്താക്കളും തമ്മിലുള്ള അന്തരം കുറച്ചു കൊണ്ട് മെച്ചപ്പെട്ട വിപണന സാധ്യതകൾ കണ്ടെത്തുവാൻ ഉതകുന്ന ബി2ബി മീറ്റ് തുടങ്ങിയവ കരപ്പുറം കാർഷിക കാഴ്ചയുടെ ഭാഗമായി സംഘടിപ്പിച്ചിട്ടുണ്ട്. കർഷകരുടെയും കൃഷിക്കൂട്ടങ്ങളുടെയും ഉൽപ്പന്നങ്ങൾക്ക് മികച്ച വിപണി സ്വന്തമാക്കുന്നതിനും, അവരുടെ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളെ സംഭരിക്കുന്നതിനും വിപണനം നടത്തുന്നതിനുമായി സംരംഭകരുമായി ഒത്തുചേർക്കുന്നതിനുമായി ചേർത്തല സെന്റ് മൈക്കിൾസ് കോളേജ് ഓഡിറ്റോറിയത്തിൽ വച്ച്  ബി2ബി (ബിസിനസ്)മീറ്റ് സംഘടിപ്പിക്കുന്നു. കൂടാതെ ചെറുധാന്യങ്ങളുടെ കൃഷിയും സംസ്കരണ സാധ്യകളും, ചെറുധാന്യങ്ങളുടെ സംരംഭകത്വ സാധ്യതകൾ, കേരളത്തിലെ മില്ലറ്റ് കൃഷി അനുഭവങ്ങൾ എന്നീ വിഷയങ്ങളിൽ കാർഷിക സെമിനാറും ഉപന്യാസ രചനാമത്സരവും വിവിധ കാലാപരിപാടികളും ഉണ്ടായിരിക്കുന്നതാണ്.

3. കേരള കാർഷിക സർവകലാശാലക്ക് കീഴിൽ കോഴിക്കോട് വേങ്ങേരിയിൽ പ്രവർത്തിക്കുന്ന വിജ്ഞാന വിപണന കേന്ദ്രത്തിൽ ഗുണമേന്മയുള്ള നല്ലയിനം ഫലവൃക്ഷ തൈകളും പച്ചക്കറി തൈകളും വിൽപ്പനക്ക് തയ്യാറായിട്ടുണ്ട്. വിവിധ മാവിനങ്ങളായ നീലം, ചന്ദ്രക്കാരൻ മല്ലിക, സിന്ദൂരം, ബംഗനാ ഹള്ളി, അൽഫോൺസ, ബെന്നറ്റ് അൽഫോൺസകൊളമ്പ്, കാലാപ്പാടി, ആപ്പിൾ റുമാനിയ എന്നിവയും റംബൂട്ടാൻ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

ഗ്രാഫ്റ്റ്, ചാമ്പ ലയർ, മോഹിത് നഗർ, കാസർഗോടൻ എന്നീ കവുങ്ങിനങ്ങളും ലഭ്യമാണ്. കൂടുതൽ വിവിരങ്ങൾക്ക് 0495 2935850 ,9188223584 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

4. കഴക്കൂട്ടം കോക്കനട്ട് നഴ്സറിയിൽ പരിപാലിച്ച് വരുന്ന ആടുകളെ ഈ മാസം 24 ന് പകൽ 11 മണിക്ക് പരസ്യ ലേലം വഴി വിൽപ്പന നടത്തുന്നു. ലേലത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ അന്നേദിവസം രാവിലെ 10.30 ന് മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതും ആയിരം രൂപ നിരത ദ്രവ്യം കെട്ടിവയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9383470302 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക

5. ഇന്ന് ലോക തേനീച്ച ദിനാഘോഷത്തോടനുബന്ധിച്ച് ഫെഡറേഷൻ ഓഫ് ഇന്റിജീനസ് എപ്പികൾച്ചറിസ്റ്റിന്റെ ആഭിമുഖ്യത്തിൽ നബാർഡ്, കാനറാ ബാങ്ക്, മാരിക്കോ എന്നിവരുടെ സഹകരണത്തോടെ തിരുവനന്തപുരം വൈ എം സി എ ഹാളിൽ തേനീച്ച ദിനാഘോഷം നടത്തുന്നു. കാർഷിക ഉത്പാദന വർദ്ധനവിനും ജൈവവൈവിധ്യം നിലനിർത്തുന്നതിനും തേനീച്ച ചെയ്യുന്ന സേവനങ്ങളെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുവാൻ വേണ്ടി ഐക്യരാഷ്ട്ര സംഘടന മെയ് 20 ലോക തേനീച്ച ദിനമായി ആഘോഷിക്കുന്നു. കാർഷികോൽപാദന കമ്മീഷണറും കാർഷിക സർവകലാശാല വൈസ് ചാൻസലറുമായ ഡോ. ബി അശോക് ഐ എ എസ് ഉദ്ഘാടനവും ചെറുതേനീച്ച കോളനി വിതരണവും നിർവഹിക്കും. തേനീച്ച കൃഷിയിൽ തെങ്ങ്-റബ്ബർ വൃക്ഷങ്ങളുടെ പ്രാധാന്യം-മുഖാമുഖം, തേനീച്ച വളർത്തൽ സാധ്യതകൾ, പ്രശ്നങ്ങൾ, പരിഹാര നിർദ്ദേശങ്ങൾ എന്നിവയെ അധികരിച്ചുള്ള കർഷകർ, സാങ്കേതികവിദഗ്ധർ എന്നിവരുടെ സംവാദവും ഉണ്ടാകും. കൂടുതൽ വിവരങ്ങൾക്ക് 9446558462, 6238613388 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

6. ജൂൺ 1 ലോക ക്ഷീര ദിനാഘോഷത്തിന്റെ ഭാഗമായി പത്തനംതിട്ട അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ക്ഷീര സംരംഭകത്വ വികസന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ജില്ലയിലെ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി രാവിലെ 10 മണി മുതൽ ഉപന്യാസ രചന, ചിത്രരചന, ഡയറി ക്വിസ് എന്നീ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻ താല്പര്യമുള്ള ഹൈസ്കൂർ വിദ്യാർത്ഥികൾ മെയ് 20ന് വൈകിട്ട് 5 മണിക്ക് മുൻപായി 9447479807, 9495390436 എന്നീ ഫോൺ നമ്പറുകളിലോ dedcadoor@gmail.comഎന്ന ഈമെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

7. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ തിരുവനന്തപുരം കോട്ടയ്ക്കകത്തുള്ള അഗ്രോ സൂപ്പർ ബസാറിൽ' തെങ്ങിന്റെ കുള്ളൻ ഇനങ്ങളായ മലയൻ യെല്ലോ ഡ്വാർഫ്, മലയൻ ഗ്രീൻ ഡ്വാർഫ് ഇനങ്ങളിൽപ്പെട്ട ഗുണനിലവാരമുള്ള തെങ്ങിൻ തൈകൾ വിൽപ്പനയ്ക്ക് എത്തിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 0471-2471343, 2471346 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം